# മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

# സോഷ്യൽ ഓഡിററ് സൊസൈററി, കേരള.

**ആലപ്പുഴ ജില്ല**

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**1/10/2019-31/03/2019**

**ബ്ലോക്ക് :കഞ്ഞിക്കുഴി**

**ഗ്രാമ പഞ്ചായത്ത് :കടക്കരപ്പള്ളി**

**വാർഡ് : 3**

# ഉള്ളടക്കം

1. സോഷ്യൽ ഓഡിറ്റ്..........................................3

2. പ്രവർത്തികൾ..................................................4

3. 7 രജിസ്റ്ററുകൾ..................................................6

4. ഫയൽ പരിശോധന..........................................8

5. ഫീൽഡ് പരിശോധന.........................................13

6. അവകാശ നിഷേധങ്ങൾ...................................18

7. നിരീക്ഷണങ്ങളും കണ്ടെത്തലുകളും............19

8. ഏറ്റെടുക്കാവുന്ന പ്രവർത്തികൾ.....................19

9. ഗ്രാമസഭ മിനുട്സ്................................................20

# സോഷ്യൽ ഓഡിറ്റ്

ഒരു ഗവൺമെൻറ് പദ്ധതിയുടെ നടത്തിപ്പിലൂടെ അവയുടെ പ്രഖ്യാപിത ലക്ഷ്യം എത്രത്തോളം കൈവരിക്കാൻ സാധിച്ചുവെന്നും അതിലൂടെ ഉണ്ടായ സാമൂഹ്യനേട്ടവും, പ്രശസ്തിയും എത്രമാത്രം ആണെന്ന് പൊതുസമൂഹം നേരിട്ട് നടത്തുന്ന അന്വേഷണവും,കണക്കെടുപ്പും,പരിശോധനയും, വിലയിരുത്തലുമാണ് സോഷ്യൽ ഓഡിറ്റ്.പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും പൊതുപദ്ധതികളുടെ നടത്തിപ്പും ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ നടപ്പാക്കുന്നതിനും പൊതുഭരണം ജന സൌഹാർദ്ദപരം ആക്കുന്നതിനും വേണ്ടിയുള്ള ജാഗ്രതയാണ് സോഷ്യൽ ഓഡിറ്റ്.

മറ്റ് പദ്ധതികളിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തം ആക്കുന്നത് സോഷ്യൽ ഓഡിറ്റാണ്. തൊഴിലുറപ്പ് നിയമത്തിന്റെ 17(2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും 6 മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടതാണ്.സോഷ്യൽ ഓഡിറ്റിനുവേണ്ട സൌകര്യങ്ങൾ ചെയ്യുതുകൊടുക്കുക, രജിസ്റ്ററുകളും റെക്കോഡുകളും ലഭ്യമാക്കുക എന്നിവ ഗ്രാമപഞ്ചായത്തിൻറെ ചുമതലകളാണ്.

മഹാത്മാഗാന്ധി ദേശിയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ സുഗമവും, സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് (as per G.O (Rt) No.3906/2015/LSGD,Dated 30.12.2015) 31.01.2017 ൽ നിലവിൽ വന്നു.യൂണിറ്റ് ട്രാവൻകൂർ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955(No.TVM/TC/123/2017) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

കടക്കരപ്പള്ളി പഞ്ചായത്ത് w- 2 ൽ 1/10/2018 മുതൽ 31/03/2019 വരെ പൂർത്തീകരിച്ച 12 പ്രവർത്തികളാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിട്ടുള്ളത്.

# സോഷ്യൽ ഓഡിററിന് വിധേയമാക്കിയ പ്രവർത്തികൾ

| ക്രമ നം ബർ | പ്രവർത്തിയുടെ പേരും കോഡും | ആരംഭി ച്ച തിയതി | അവസാ നിച്ച തിയതി | എസ്ററിമേററ് തുക | ചെലവായ തുക |
|---|---|---|---|---|---|
| 1. | കൃഷി വകുപ്പുമായി സംയോചിച് തരിശുനിലം ഒരുക്കൽ (P2) L D/230862 | 19/02/2019 | 30/03/2019 | 1,20177/- | 86,197/- |
| 2. | ലൈഫ് ഭവന പദ്ധതി (സരളവാസു,കരിയിൽ) IF/361140 | 04/10/2018 | 23/03/2019 | 27,390/- | 24,390/- |
| 3. | കാലിതൊഴുത്ത് നിർമാണം(സലിമോൻ കുരിശ് കൽ) IF/367844 | 20/11/2018 | 28/02/2019 | 1,29247/- | 1,26554/- |
| 4. | പാപ്പുപറമ്പ് ഗ്രാവൽ റോഡ് RC/254511 | 22/03/2019 | 30/03/2019 | 2,08792/- | 1,60615/- |
| 5. | മനയത് മേൽതോട്ആഴം കൂട്ടി വശങ്ങളിൽ തീറ്റപ്പുൽ, രാമച്ചം വെച്ചുപിടിപ്പിക്കൽ WH/285851 | 12/03/2019 | 28/03/2019 | 1,09869/- | 97,037/- |
| 6. | കുരിശിങ്കൽ ഗ്രാവൽ റോഡ് RC/276959 | 28/02/2019 | 23/03/2019 | 2,73574/- | 2,39651/- |
| 7. | കൃഷി വകുപ്പുമായി സംയോചിച് തരിശുനിലം കൃഷിയോഗ്യമാക്കൽ (p1)LD/230859 | 31/01/2019 | 09/03/2019 | 1,21397/- | 107064/- |
| 8. | കുരിശിങ്കൽ തോട് ആഴംകൂട്ടി വശങ്ങളിൽ തീറ്റപുല്ല്,രാമച്ചം, മുതലായവ വെച്ചുപിടിപ്പിക്കൽ. WH/226478 | 28/02/2019 | 23/03/2019 | 1,44799/- | 1,29557/- |

| | | | | | |
|---|---|---|---|---|---|
| 9. | അന്ത്രപേർ ഗ്രാവൽ റോഡ് RC/277557 | 05/02/2019 | 21/02/2019 | 4,18359/- | 3,65178/- |
| 10. | കാലിതൊഴുത്ത് നിർമാണം (സിന്ധു ജയറാം)IF/369677 | 20/11/2018 | 28/02/2019 | 1,29247/- | 1,26554/- |
| 11. | ലൈഫ് ഭവന പദ്ധതി (സെലിൻ തറമേൽ) IF/359269 | 04/10/2018 | 26/06/2019 | 26,390/- | 24,390/- |
| 12. | പുറച്ചിറ തോട് വെട്ടി വശങ്ങളിൽ രാമച്ചം ,തീറ്റപ്പുൽ,വെച്ചുപിടി പ്പിക്കൽ WH/226461 | 13/12/2018 | 09/01/2019 | 1,38736/- | 1,02560/- |
| 13 | പാപ്പുപറപറമ്പ് തോട് ആഴംകൂട്ടി വശങ്ങളിൽ തീറ്റപ്പുൽ,രാമച്ചം മുതലായവ വെച്ചുപിടിപ്പിക്കൽ. WH/226458 | 13/12/2018 | 10/01/2019 | 1,14313/- | 99,850/- |
| 14. | തരിശു നിലം കൃഷിയോഗ്യമാക്കൽ(p4) LD/230864 | 05/03/2019 | 30/03/2019 | 1,19567/- | 76,,983/- |
| 15. | പൊള്ളയിൽ തറമേൽ ഗ്രാവൽ റോഡ് RC/287900 | 15/3/2019 | 24/03/2019 | 2,31590/- | 1,92833/- |

| | | | | | |
|---|---|---|---|---|---|
| 16. | തറമേൽ തോട് ആഴംകൂട്ടി വശങ്ങളിൽ രാമച്ചം ,തീറ്റപ്പുൽ, മുതലായവ വെച്ചുപിടിപ്പിക്കൽ WH/285850 | 12/03/2019 | 14/06/2019 | 1,29300/- | 1,25221/- |
| 17. | കക്കൂസ് നിർമ്മാണം(മേബിൾ പള്ളിപ്പറമ്പിൽ)RS/343097 | 06/12/2018 | 19/12/2018 | 29,272/- | 12,000/- |
| 18. | പീടികപറമ്പ് തോട് ആഴംകൂട്ടി തീറ്റപ്പുൽ, രാമച്ചം, എന്നിവ വെച്ചുപിടിപ്പിക്കൽ WH/226487 | 28/02/2019 | 27/03/2019 | 1,47141/- | |

**<u>മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം(2005) പ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്</u>** .

1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ
2. ഗ്രാമസഭ സോഷ്യൽഓഡിറ്റ് മീറ്റിംഗ് രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദശാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. സാധന രജിസ്റ്റർ

# പഞ്ചായത്തിലെ 7 രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ കാര്യങ്ങൾ

1. **തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ**
   - സെക്രട്ടറി സർട്ടിഫൈ ചെയ്ത കവർ പേജ് രജിസ്റ്ററിനു ഉണ്ടായിരുന്നു.
   - പാർട്ട് എ,ബി,സി,ഡി എന്നീ ഫോർമാറ്റുകൾ എം.ഐ.എസിൽ നിന്നും പ്രിന്റ് എടുത്ത് സൂക്ഷിച്ചിരുന്നു.

2. **ഗ്രാമസഭ സോഷ്യൽഓഡിറ്റ് മീറ്റിംഗ് രജിസ്റ്റർ**

   - രജിസ്റ്ററിൽ കവർ പേജ് ഉൾപ്പെടുത്തിയിരുന്നില്ല.
   - സെക്രട്ടറി പേജുകൾ സാക്ഷ്യപെടുത്തിയിട്ടില്ല.
   - ഈ സാമ്പത്തിക വർഷത്തിൽ നടന്ന പ്രൊജക്റ്റ് മീറ്റിംഗ്, 2 ലേബർ ബജറ്റ് മീറ്റിംഗ്, മറ്റ് മീറ്റിംഗുകൾ എന്നിവയുടെ മിനുറ്റ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
   - 2018 -2019 സാമ്പത്തിക വർഷത്തേക്കുള്ള ലേബർ ബജറ്റ് ഗ്രാമസഭ 12/11/2017ൽ കൂടിയതിന്റെ മിനുട്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.റോഡ്, നടപ്പാത, കട്ട നിർമ്മാണം തുടങ്ങിയ ആസ്തിയുള്ള പ്രവർത്തികൾ വേണം നടപ്പിലാക്കാൻ എന്ന് പ്രസ്തുത ഗ്രാമസഭയിൽ പറയുകയുണ്ടായി. ജലസ്രോതസ്സ് നവീകരണം, മൽസ്യം വളർത്തലിനായി കുളം വെട്ടി വൃത്തിയാക്കൽ, നടപ്പാതയുടെ വശങ്ങളിൽ പൈനാപ്പിൾ കൃഷി, തീറ്റപ്പുൽ കൃഷി, ഫലവൃക്ഷനഴ്സറി, തരിശുനിലം കൃഷിയോഗ്യമാക്കൽ, മരച്ചീനി, മഞ്ഞൾ, ഇഞ്ചി തുടങ്ങിയവ കൃഷി ചെയ്യാനായി നിലം ഒരുക്കൽ തുടങ്ങിയ പ്രവർത്തികളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നത്.
   - സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനുറ്റ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
   - വ്യക്തിഗത ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

3. **തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ**
   - കവർപേജ് ഉണ്ടായിരുന്നില്ല.

- എം.ഐ.എസ് പകർപ്പ് തുടങ്ങിയവ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നു.

4. **<u>പ്രവർത്തിയുടെ ചിലവും വിശദശാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ</u>**
   - കവർപേജ് ഉണ്ടായിരുന്നില്ല.
   - എം.ഐ.എസ് പകർപ്പ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നു.

5. **<u>സ്ഥിര ആസ്തികളുടെ രജിസ്റ്റർ</u>**
   - കവർപേജ് ഉണ്ടായിരുന്നില്ല.
   - വാർഡുകളിലെ അസെറ്റുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

6. **<u>പരാതി രജിസ്റ്റർ</u>**
   - പരാതി രജിസ്റ്ററിൽ സെക്രട്ടറി സർട്ടിഫൈ ചെയ്ത കവർപേജ് ഉണ്ടായിരുന്നില്ല.

7. **<u>സാധന രജിസ്റ്റർ</u>**
   - കവർപേജ് ഉൾപ്പെടുത്തിയിരുന്നില്ല.
   - 2018 -2019 വർഷത്തെ രജിസ്റ്ററിൽ ആ വർഷം നടപ്പിലാക്കിയ മിക്ക പദ്ധതികളും കണ്ടെത്താൻ സാധിച്ചില്ല.
   - 2019 -2020 ഇലെ രജിസ്റ്ററിലാണ് പ്രസ്തുത പ്രവർത്തികൾ കാണാൻ സാധിച്ചത്.
   - എം ഐ എസിൽ നിന്നും വിവരങ്ങൾ പ്രിന്റ് എടുത്തു സൂക്ഷിച്ചിട്ടുണ്ട്.

## <u>ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ</u>

### 1.<u>കവർ പേജ്</u>

AMC പ്രകാരമുള്ള കവർ പേജ് പരിശോധിച്ച 12 ഫയലുകളിലും ഉണ്ടായിരുന്നു.പദ്ധതിയുടെ പേര് MAHATMA GANDHI NATIONAL RURAL EMPLOYMENT GUARANTEE SCHEME എന്നതിന് പകരം MAHATMA GANDHI NATIONAL EMPLOYMENT GUARANTEE SCHEME എന്ന് കാണപ്പെട്ടു.ഈ പദ്ധതി ഗ്രാമപഞ്ചായത്തുകൾക് കീഴിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ മാത്രം നടക്കുന്നതിനാൽ RURAL എന്ന വാക്കിന് പ്രാധാന്യം ഉണ്ട്. പ്രവർത്തിയുടെ പേര്, പ്രവർത്തി അംഗീകരിച്ച വർഷം, ലൊക്കേഷൻ, പദ്ധതി നിർവ്വഹണ ഏജൻസി, എസ്ടിമേറ്റ്

കോസ്റ്റ്, ബ്ലോക്ക്,പഞ്ചായത്ത് അസംബ്ലി നിയോജക മണ്ഡലം തുടങ്ങിയവ എല്ലാ ഫയലിലും രേഖപ്പെടുത്തിയിരുന്നു. എക്സ്പെൻഡിച്ചർ, പ്രവർത്തി ആരംഭിച്ച തീയതി, അവസാനിച്ച തീയതി, കാറ്റഗറി മുതലായ വിവരങ്ങൾ മിക്ക ഫയലിലും ഉണ്ടായിരുന്നില്ല. കൃഷിവകുപ്പുമായി സംയോജിപ്പിച്ചു കൃഷിക്കായി തരിശുനിലം ഒരുക്കൽ P2 ,ലൈഫ് ഭവന പദ്ധതി (സരള വാസു ,കരിയിൽ),കാലിത്തൊഴുത്തു നിർമ്മാണം(സലിമോൻ കുരിശിങ്കൽ), പാപ്പുപറമ്പ് ഗ്രാവൽ റോഡ്,മനയത്തുമേൽ തോട് ആഴം കൂട്ടി തീറ്റപ്പുൽ,രാമച്ചം മുതലായവ വെച്ചുപിടിപ്പിക്കൽ ,കുരിശിങ്കൽ ഗ്രാവൽ റോഡ്, കൃഷിവകുപ്പുമായി സംയോജിപ്പിച്ചു കൃഷിക്കായി തരിശുനിലം ഒരുക്കൽ P1 ,കുരിശിങ്കൽ തോട് ആഴം കൂട്ടി തീറ്റപ്പുൽ,രാമച്ചം മുതലായവ വെച്ചുപിടിപ്പിക്കൽ ,അന്ത്രപ്പേർ ഗ്രാവൽ റോഡ്,കാലിത്തൊഴുത്തു നിർമ്മാണം (സിന്ധു ജയറാം ),ലൈഫ് ഭവന പദ്ധതി(സെലിൻ തറമേൽ),പുറച്ചിറ തോട് വെട്ടി വശങ്ങളിൽ തീറ്റപ്പുൽ, രാമച്ചം മുതലായവ വെച്ചുപിടിപ്പിക്കൽ, പാപ്പുപറമ്പ് തോട് വെട്ടി വശങ്ങളിൽ തീറ്റപ്പുൽ, രാമച്ചം മുതലായവ വെച്ചുപിടിപ്പിക്കൽ, കൃഷിവകുപ്പുമായി സംയോജിപ്പിച്ചു കൃഷിക്കായി തരിശുനിലം ഒരുക്കൽ P4 , പൊള്ളയിൽ തറമേൽ ഗ്രാവൽ റോഡ്,തറമേൽ തോട് ആഴം കൂട്ടി തീറ്റപ്പുൽ, രാമച്ചം മുതലായവ വെച്ചുപിടിപ്പിക്കൽ ,IHHL മേബിൾ പള്ളിപ്പറമ്പിൽ, പീടികപ്പറമ്പ് തോട് ആഴം കൂട്ടി തീറ്റപ്പുൽ, രാമച്ചം മുതലായവ വെച്ചുപിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തികളുടെ ഫയലുകളിൽ ഒന്നും തന്നെ Sr.No of the work in approved shelf of work ജിയോ ടാഗ് ഡീറ്റെയിൽസ്, സോഷ്യൽ ഓഡിറ്റ് വിവരങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയിരുന്നില്ല.

**2. ചെക്ക് ലിസ്റ്റ്**

പരിശോധിച്ച 12 ഫയലുകളിലും പേജ് നമ്പർ രേഖപ്പെടുത്തിയ ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു.

**3. വാർഷിക കർമ്മ പദ്ധതി**

ആക്ഷൻ പ്ലാനിൽ പദ്ധതിയുടെ പേര് ഉൾപ്പെടുന്ന പേജിന്റെ പകർപ്പ്എല്ലാ ഫയലിലും ഉണ്ടായിരുന്നു.

## 4. എസ്റ്റിമേറ്റ്

കവർ പേജ് ഉണ്ടായിരുന്നു. വിശദമായ എസ്റ്റിമേറ്റിൽ അക്രഡിറ്റഡ് എൻജിനിയർ ഒപ്പും തീയതിയും രേഖപ്പെടുത്തിയിരുന്നില്ല. Rate analysis, Abstact Estimate, lead and lift statement, material statement, labour abstract, Estimate report, drawing and design, survey data എന്നിവ ഒരു ഫയലിലും ഉണ്ടായിരുന്നില്ല. ആയുധങ്ങളുടെ വാടക,രാമച്ചം, തീറ്റപ്പുൽ മുതലായ നടീൽ വസ്തുക്കൾ വാങ്ങാനുള്ള തുക എന്നിവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ ആയിരുന്നില്ല. പ്രവർത്തി എവിടെയൊക്കെ നടക്കുന്നുവെന്നുള്ള സർവെ നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ ഫയലിൽ ഉണ്ടായിരുന്നു.

## 5.സാങ്കേതികാനുമതി

സാങ്കേതികാനുമതിയിൽ LSGD AE എന്നിവർ ചില ഫയലുകളിൽ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല. ചില ഫയലിൽ പഞ്ചായത്തിൽ ലഭ്യമാക്കിയിരുന്ന കോപ്പി ആണ് ഉപയോഗിച്ചിരുന്നത്

## 6. ഭരണാനുമതി

പഞ്ചായത്ത് കമ്മറ്റിയുടെ ഭരണാനുമതി, (സെക്രട്ടറിയുടെ ഒപ്പ്, സീൽ) ഫയലിൽ ഉൾപെടുതിയിട്ടില്ല.എന്നാൽ സെക്രട്ടറിയുടെ നടപടി ക്രമത്തിൽ ഭരണാനുമതി നമ്പറും തീയതിയും രേഖപെടുതിയിരുന്നു

## 7.സംയോജിത പദ്ധതിയുടെ വിവരങ്ങൾ

4 ഫയൽ സംയോജിത പദ്ധതിയില് ഉൾപെട്ടതായിരുന്നു ഈ ഫയലിൽ സംയോജിത പദ്ധതിയുടെ ഫോറം ഉൾപ്പെട്ടിരുന്നു.

## 8. ഡിമാൻഡ് ഫോറം

അനുഛേദം A,B പ്രകാരമുള്ള ഡിമാന്റ് ഫോറം ഒരു ഫയലിലും ഉണ്ടായിരുന്നില്ല. ചില ഡിമാൻഡ് ഫോറങ്ങൾ ഗ്രൂപ്പായി നല്കിയിട്ടുള്ളതാണ്.വ്യക്തിഗത അപേക്ഷക്ക് ANNEXURE 3(A) എന്നും ഗ്രൂപ്പായി ഉള്ള അപേക്ഷക്ക് 3(B) എന്നും രേഖപ്പെടുത്തേണ്ടതാണ് എന്നാൽ അത് ഫയലിൽ കണ്ടെത്താൻ സാധിച്ചില്ല.ഗ്രൂപ്പായി തൊഴിൽ ആവശ്യപ്പെടുന്ന എഴുതി തയ്യാറാക്കിയ ഫോമിൽ തൊഴിലാളികളുടെ പേര് ,തൊഴിൽ കാർഡ് നമ്പർ ,ഒപ്പു എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.

തിയതി രേഖപ്പെടുത്തിയിരുന്നു. എന്നാൽ കൈപ്പറ്റ് രസീത് സൂക്ഷിച്ചിരുന്നില്ല.

**9. വർക്ക് അലോക്കേഷൻ ഫോറം.**

അനുഛേദപ്രകാരമുള്ള വർക്ക് അലോക്കേഷൻ ഫോം ഫയലുകളിൽ ഉണ്ടായിരുന്നു.

**10.E-Muster Roll**

മസ്റ്റർറോളിൽ എം ബുക്ക് നമ്പർ, പേജ് നമ്പർ തുടങ്ങിയവ ഇല്ലായിരുന്നു. മേറ്റിന്റെ ഒപ്പു, മസ്റ്റർറോൾ പരിശോധിച്ച ഉദ്യോഗസ്ഥൻറെ ഒപ്പു എന്നിവ ചില ഫയലുകളിൽ രേഖപ്പെടുത്തിയിരുന്നു.BDO, പഞ്ചായത്ത്സെക്രട്ടറി എന്നിവർ തിയതിയില്ലാതെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ ചെയ്ത തിയതി, ആകെ തൊഴിൽ ചെയ്ത ദിനങ്ങൾ, ആകെ വേതനം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.ദിവസം രണ്ട് പ്രാവശ്യം തൊഴിലാളികൾ ഹാജർ രേഖപ്പെടുത്തുന്നുണ്ട്.തൊഴിലുപകരണങ്ങളുടെ വാടക രേഖപ്പെടുത്തിയിരുന്നില്ല.M.Rollൽ ഓവർസിയർ ഒപ്പ് രേഖപ്പെടുത്തിയിരുന്നില്ല.

**11.M- Book**

പരിശോധിച്ച എല്ലാ ഫയലിലും M.Book ഉണ്ടായിരുന്നു. പ്രവർത്തിയുടെ പേര് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ വർക്ക് കോഡ് ഉൾപ്പെടുത്തിയിട്ടില്ല. എല്ലാ ഫയലിലെയും എം ബുക്ക് സെക്രട്ടറി സർട്ടിഫൈ ചെയ്തിരുന്നു.എം ബുക്കിൽ AE,ഓവര്സീർ എന്നിവര് ഒപ്പും സീലും രേഖപെടുതിയിരുന്നു. എല്ലാ ഫയലിലും പഞ്ചായത്ത് സെക്രട്ടറി തുക പാസ്സാക്കിയിട്ടുണ്ട്.എസ്റ്റിമേറ്റ് തുകയും യഥാർത്ഥ ചിലവും തമ്മിലുള്ള വ്യത്യാസം ഒരു ഫയലിലും രേഖപ്പെടുത്തിയിട്ടില്ല.

**12. മെറ്റീരിയൽവാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ**

മെറ്റീരിയൽ ഉൾപ്പെട്ട പ്രവർത്തി ഫയലുകളിൽ മെറ്റീരിയല് വാങ്ങിയതുമായി ബന്ധപെട്ട രേഖകൾ ഉണ്ടായിരുന്നു.

**13. വേജ് ലിസ്റ്റ്**

മസ്റ്ററോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് എല്ലാ ഫയലിലും ഉണ്ടായിരുന്നു.വെജ് ലിസ്റ്റ് സെക്രട്ടറി സാക്ഷ്യപെടുത്തിയിരുന്നു.

**14. FTO**

വേജ് ലിസ്റ്റ് പ്രകാരമുള്ള FTO എല്ലാ ഫയലിലും ഉണ്ടായിരുന്നു.

**15. മെറ്റീരിയൽ വൗച്ചർ & ബിൽ**

മെറ്റീരിയൽ ഇനത്തിൽ ബോർഡ്,ഗ്രവൽ,സിമന്റ് എന്നിവ വാങ്ങിയതിന്റെ ബില്ലുകള് ഫയലില് ഉൾപ്പെടുത്തിയിരുന്നു.

**16. റോയൽറ്റി**

റോയൽറ്റി നൽകേണ്ട പ്രവർത്തി ഫയലുകൾ പരിശോധിച്ചിട്ടില്ല.

**17.പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ**

പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ ഒരു ഫയലുകളിലും ഉൾപെടുത്തിയിരുന്നില്ല.

**18. പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പരിശോധിച്ച ഒരു ഫയലിലും പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നില്ല.

**19. മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്**

മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്പിൽ പ്രവർത്തിയുടെ പേര്,ബ്ലോക്ക്, പഞ്ചായത്ത്, A.S നമ്പറും, തീയതിയും,T.S നമ്പറും തിയതി എന്നിവ രേഖപെടുത്തിയിരുന്നു. മസ്റ്ററോൾ നമ്പർ,തീയതി, മെഷർമെന്റ് തീയതി MIS ൽ upload ചെയ്ത തീയതി, തൊഴിൽ ദിനങ്ങൾ,സാധനവേതന ഘടകം തുടങ്ങിയവ രേഖപെടുതിയിരുന്നില്ല ജൂനിയർ സൂപ്രണ്ട്,പ്രസിഡന്റ് എന്നിവർ സ്ലിപ്പില് ഒപ്പ് വെച്ചിട്ടുണ്ട്.സെക്രെട്ടറി ഒപ്പ് രേഖപെടുത്തിയിരുന്നില്ല.

**20. ജിയോടാഗ് ഫോട്ടോഗ്രാഫ്**

പരിശോധിച്ച ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

**21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്**

പരിശോധിച്ച ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

**22. സൈറ്റ് ഡയറി.**

പരിശോധിച്ച ഒരു ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല.

## ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ

1.**കൃഷി വകുപ്പുമായി സംയോചിച് തരിശുനിലം ഒരുക്കൽ(P2)LD/230862**

10 തൊഴിലാളികൾക്കായി 307 തൊഴിൽ തൊഴിൽ ദിനങ്ങളും അതിന്റെ വേതനവും ലഭിച്ചതായി കാണാൻ സാധിച്ചു.ഫയലിൽ നൽകിയിട്ടുള്ള സർവേ നമ്പരുകളിൽ ഒരെണ്ണം വ്യത്യസ്തം ആയിരുന്നു.തുടക്കത്തിൽ വേണ്ട, പടവലം, പീച്ചിൽ, ചീര, പാവൽ, തീറ്റപ്പുൽ, മുതലായവ ആയിരുന്നു കൃഷി ചെയ്തത്. 3 തവണ വിളവെടുത്തതായി തൊഴിലാളികൾ അഭിപ്രായപ്പെട്ടു.ഉപ്പുവെള്ളം കാരണം പിന്നീട് കൃഷി നശിച്ചതായും പറഞ്ഞു.ഡിസപ്ലൈ ബോർഡിൽ ഉണ്ടായിരുന്ന വേതന ഘടകം 1,17177/-ആണ് എന്നാൽ mbook ഇൽ 83197 ആയിരുന്നു. എസ്റ്റിമേറ്റ് തുക 120177/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 86197/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 33980/- രൂപയാണ്

**2.ലൈഫ് ഭവന പദ്ധതി (സരള വാസു,കരിയിൽ)**

ഫീൽഡ് പരിശോധനയിലൂടെ വീട്പണി കഴിഞ്ഞതായി കാണാൻ സാധിച്ചു. 90 ദിവസത്തെ തൊഴിൽ ദിനങ്ങളും,വേതനവും ലഭിച്ചതായി തൊഴിൽ കാർഡ് പരിശോധനയിലൂടെ മനസിലാക്കാൻ സാധിച്ചു. എസ്റ്റിമേറ്റ് തുക 27390/- രൂപയും എം ബുക്ക് പ്രകാരം അനുവദിച്ച തുക 24390/- രൂപയുമാണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 3000/- രൂപയാണ്

**3.കാലിതൊഴുത്ത് നിർമാണം(സലിമോൻ കുരിശിങ്കൽ)IF/367844**

തൊഴുത്തു നിർമാണം പൂർത്തികരിച്ചിട്ടുണ്ട്. 39 ദിവസത്തെ തൊഴിൽ ദിനവും വേതനവും ലഭിച്ചതായി അറിയാൻ സാധിച്ചു.സ്കിൽഡ് ,സെമി സ്കിൽഡ് ലേബറിന്റെ വേതനം ലഭിച്ചിട്ടില്ല. മെറ്റീരിയൽ ന്റെ തുക 82000 രൂപ ലഭിച്ചതായി അവർ പറഞ്ഞു. ഡിസപ്ലൈ ബോർഡ്

ഉണ്ടായിരുന്നു.അതിൽ വേതന ഘടകം 39142.36 ഉം mbook കിൽ 35590 ആയിരുന്നു.സാധന ഘടകം ഡിസപ്ലെ ബോർഡിൽ 90104.64 രൂപയും എം ബുക്കിൽ ഇത് 90964 രൂപയും ആയിരുന്നു. തൊഴുത്ത് പൂർണ്ണമായി നിർമിച്ചിരുന്നു എന്നാൽ അവിടെ പശുക്കളെ ഒന്നു കാണാൻ സാധിച്ചില്ല. എസ്റ്റിമേറ്റ് തുക 129247/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 126554/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 2693/- രൂപയാണ്

**<u>4.പാപ്പുപറമ്പ് ഗ്രാവൽ റോഡ് RC/254511</u>**

മസ്ട്രോൾ പ്രകാരം 9 തൊഴിലാളികൾക്ക് 50 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്.ഇതിന്റെ വേതനമായി 13550/-രൂപ തൊഴിലാളികൾക്ക് ലഭിച്ചിട്ടുണ്ട്.എന്നാൽ പദ്ധതി നടന്ന സ്ഥാലത് ഡിസപ്ലെ ബോർഡ് സ്ഥാപിച്ചിട്ടില്ല.mbook ൽ റോഡിന്റെ നീളം 110 മീറ്റർ ആണ് എന്നാൽ ഫീൽഡ് തല പരിശോധനയിൽ 90 മീറ്റർ മാത്രം ആണ് കാണാൻ സാധിച്ചത് .ഗ്രാവൽ എതികഞ്ഞതിനാൽ ആണ് റോഡ് പണി ബാക്കി പണിയാഞ്ഞത്് എന്നാണ് തൊഴിലാളികൾ അറിയിച്ചത്. എസ്റ്റിമേറ്റ് തുക 208792/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 160615/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 48177/- രൂപയാണ്

**<u>5.മനയത് മേൽ തോട് ആഴംകൂട്ടി വശങ്ങളിൽ തീറ്റപ്പുൽ ,രാമച്ചം, വെച്ചുപിടിപ്പിക്കൽ WH/285851</u>**

24 തൊഴിലാളികൾക്കായി ആകെ 347 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട് .ഈ ഇനത്തിൽ 94037 രൂപ തൊഴിലാളികൾക്ക് ലഭിച്ചിട്ടുണ്ട് .ഡിസ്പ്ലേ ബോർഡ് ന് 3000 രൂപ നൽകിയിട്ടുണ്ട്. സൈറ്റിൽ കാണാൻ സാധിച്ചില്ല. രാമച്ചം ,തീറ്റപ്പുൽ, ഇവ വെള്ളം കേറി നശിച്ചതായും തൊഴിലാളികൾ പറഞ്ഞു. എസ്റ്റിമേറ്റ് തുക 109869/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 97037/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 12832/- രൂപയാണ്

**<u>6.കുരിശികൽ ഗ്രാവൽ റോഡ് RC/276959</u>**

പദ്ധതി പ്രകാരം ഉള്ള തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട് എന്നു തൊഴിലാളികൾ പറഞ്ഞു .എന്നാലും mbook ഇലെ റോഡിന്റെ നീളം 150 മീറ്റർ ആണ് കൊടുത്തിരിക്കുന്നത് .നേരിൽ അളന്നപ്പോൾ 94 മീറ്റർ ആണ് കാണാൻ സാധിച്ചത് .വീതി mbook ലെ അളവുമായി തുല്യം ആണ്.ഡിസ്പ്ലേ ബോർഡ് തകർന്ന നിലയിൽ ആയിരുന്നു. എസ്റ്റിമേറ്റ്

തുക 273574/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 239651/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 33923/- രൂപയാണ്

**7.കൃഷി വകുപ്പുമായി സംയോചിച് തരിശുനിലം കൃഷിയോഗ്യമാക്കൽ (p1)LD/230859**

സൈറ്റ് സന്ദർശിച്ചു .ഡിസ്പ്ലേ ബോർഡ് മാത്രം ആണ് കാണാൻ കഴിഞ്ഞത് .തുടക്കത്തിൽ പടവലം ,പാവൽ,വേണ്ട,മുതലായവ ആണ് കൃഷി ചെയ്തത് എന്നാൽ ഇപ്പോൾ കൃഷി ചെയ്ത സ്ഥലം കാട് പിടിച്ചു കിടക്കുകയാണ്.തൊഴിലാളികൾക്ക് തൊഴിൽ വേതനം ലഭിച്ചതായി അറിയാൻ സാധിച്ചു. എസ്റ്റിമേറ്റ് തുക 121397/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 107064/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 14333/- രൂപയാണ്

**8.കുരിശിങ്കൽ തോട് ആഴംകൂട്ടി വശങ്ങളിൽ തീറ്റ പുല്ല് ,രാമച്ചം, മുതലായവ വെച്ചുപിടിപ്പിക്കൽ WH/226478**

വെള്ളം കേറുന്ന സ്ഥലം ആയതിനാൽ വെട്ടികയറ്റിയ മണ്ണ് ഇടിഞ്ഞു വീണ നിലയിൽ ആണ് കാണാൻ സാധിച്ചത് .വശങ്ങളിൽ തീറ്റപ്പുൽ,രാമച്ചം മുതലായവ കാണാൻ കഴിഞ്ഞില്ല.ഡിസ്പ്ലേ ബോർഡ് കാണാൻ കഴിഞ്ഞില്ല .തൊഴിലാളികൾക്ക് വേതനം ലഭിച്ചതായി അറിയാൻ സാധിച്ചു. എസ്റ്റിമേറ്റ് തുക 144799/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 129557/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 15242/- രൂപയാണ്

**9.അന്ത്രപേർ ഗ്രാവൽ റോഡ് RC/277557**

റോഡിന്റെ വീതി ,mbook ഇൽ പറഞ്ഞതുപോലെ കൃത്യം 3 മീറ്റർ ഉണ്ടായിരുന്നു .എന്നാൽ റോഡിന്റെ നീളം mbook ഇൽ 170 മീറ്റർ ആണ് നൽകിയിരിക്കുന്നത് എന്നാൽ നേരിൽ അളന്നു നോക്കിയപ്പോൾ 140 ആണ് കാണാൻ കഴിഞ്ഞത്. ഡിസ്പ്ലേ ബോർഡ് നശിപ്പിച്ച നിലയിൽ ആണ് കാണാൻ കഴിഞ്ഞത് .മസ്ട്രോൾ പ്രകാരം 157 ദിവസത്തെ തൊഴിൽ ദിനങ്ങൾ നൽകിയിരിക്കുന്നു.എന്നാൽ ഡിസ്പ്ലേ ബോർഡിൽ 175 തൊഴിൽ ദിനങ്ങൾ എന്നാണ് കൊടുത്തിരിക്കുന്നത് .ഡിസപ്ലൈ ബോർഡ് പ്രകാരം വേതന ഘടകം 47445 ഉം സാധന ഘടകം 366804 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് .എന്നാൽ mbook പ്രകാരം വേതന ഘടകം 44760 എന്നും സാധന ഘടകം 320418 എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എസ്റ്റിമേറ്റ് തുക 418359/- രൂപയും എം ബുക്ക്

പ്രകാരം നൽകിയിട്ടുള്ള തുക 365178/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 53181/- രൂപയാണ്

**10.കാലിതൊഴുത്ത് നിർമാണം (സിന്ധു ജയറാം)IF/369677**

ഡിസ്പ്ലേ ബോർഡിൽ വേതന ഘടകമായി 39142.36 ഉം സതനഘടമായി 9104.64 എന്നാണ് നൽകിയിരിക്കുന്നത്. എന്നാൽ mbook ൽ വേതന ഘടകമായി 35590 എന്നും സാതനഘടകം മായി 90964 എന്നുംമാണ് നൽകിയിരിക്കുന്നത്. എസ്റ്റിമേറ്റ് തുക 129247/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 126554/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 2693/- രൂപയാണ്

**11.ലൈഫ് ഭവന പദ്ധതി (സെലിൻ തറമേൽ)IF/359269**

90 ദിവസത്തെ വേതനവും തൊഴിൽ ദിനവും ലഭിച്ചിട്ടുണ്ട് .വീട് പണി പൂർത്തികരിച്ചതായി കണ്ടു. എസ്റ്റിമേറ്റ് തുക 26390/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 24390/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 2000/- രൂപയാണ്

**12.പുറച്ചിറ തോട് വെട്ടി വശങ്ങളിൽ രാമച്ചം, തീറ്റപ്പുൽ, വെച്ചുപിടിപ്പിക്കൽ WH/226461**

തോടിന്റെ ഇരുവശങ്ങളിലും തീറ്റപ്പുൽ ,രാമച്ചം മുതലായവ വെച്ചുപിടിപ്പിച്ചതായി കാണാൻ സാധിചില്ല. വെള്ളം കയറി നശിച്ചു പോയതായി തൊഴിലാളികൾ അഭിപ്രായപ്പെട്ടു .360 തൊഴിൽ ദിനങ്ങളും അതിന്റെ വേതനവും ലഭിച്ചതായി അറിയാൻ സാധിച്ചു .ഡിസ്പ്ലേ ബോർഡ് തകർന്ന നിനയിൽ ആണ് കാണാൻ സാധിച്ചത്. എസ്റ്റിമേറ്റ് തുക 138736/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 102560/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 36176/- രൂപയാണ്

**13. പാപ്പുപറമ്പ് തോട് ആഴംകൂട്ടി വശങ്ങളിൽ തീറ്റപ്പുൽ,രാമച്ചം മുതലായവ വെച്ചുപിടിപ്പിക്കൽ WH/226458**

403 തൊഴിൽ ദിനങ്ങളും അതിന്റെ വേതനവും ലഭിച്ചിട്ടുണ്ട് .5000 രൂപയുടെ ഡിസ്പ്ലേ ബോർഡ് കാണാൻ സാധിച്ചു. തോടിന്റെ ഇരു വശങ്ങളിൽ ആയി രാമച്ചം ,തീറ്റപ്പുൽ ,കാണാൻ കഴിഞ്ഞില്ല

.വെള്ളം കയറി നശിച്ചു പോയതാണ് എന്നു തൊഴിലാളികൾ പറഞ്ഞു. എസ്റ്റിമേറ്റ് തുക 114313/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 99850/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 14463/- രൂപയാണ്

**14 .തരിശു നിലം കൃഷിയോഗ്യമാക്കൽ(p4)LD/230864**

13 തൊഴിലാളികൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട് .അതിന്റെ തൊഴിൽ ദിനങ്ങളും, വേതനവും കിട്ടിയതായി തൊഴിലാളികൾ പറഞ്ഞു .ഡിസ്പ്ലേ ബോർഡ് സൈറ്റിൽ കാണാൻ കഴിഞ്ഞില്ല. എസ്റ്റിമേറ്റ് തുക 119567/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 76983/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 42584/- രൂപയാണ്

**15.പൊള്ളയിൽ തറമേൽ ഗ്രാവൽ റോഡ് RC/287900**

Mbook ഇൽ ഡിസ്പ്ലേ നു 5000 രൂപ ഉണ്ടെങ്കിലും വർക് സൈറ്റിൽ അതു കാണാൻ സാധിച്ചില്ല. എസ്റ്റിമേറ്റ് തുക 231590/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 192833/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 38757/- രൂപയാണ്

**16.തറമേൽ തോട് ആഴംകൂട്ടി വശങ്ങളിൽ രാമച്ചം, തീറ്റപ്പുൽ,മുതലായവ വെച്ചുപിടിപ്പിക്കൽ WH/285850**

Mbook ൽ 19 തൊഴിലാളികൾക് തൊഴിൽ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട് .വേതന ഇനത്തിൽ 122221/-രൂപയും ഡിസ്പ്ലേ 3000 അനുവത്തിക്കപ്പെട്ടതായി രേഖകളിൽ ഉണ്ട് .എന്നാൽ 9 വാർഡിലെ ഫീൽഡ് പരിശോധനനായിൽ .പ്രസ്തുത തോട് കണ്ടെത്താൻ സാധിച്ചു. എസ്റ്റിമേറ്റ് തുക 161177/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 110148/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 51029/- രൂപയാണ്

**17.കക്കൂസ് നിർമാണം,മേബിൾ പള്ളി പറമ്പിൽ RS/343097**

ഫിയിൽഡ് തല പരിശോധനയിൽ 12 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട് .എങ്കിലും അതിന്റെ വേതനമായ 3252 /-രൂപ യും സത്തനഘടംമായി 8748/-രൂപയും തൊഴിലാലാളികൾക്കു ലഭിച്ചിട്ടില്ല എന്നാണ് തൊഴിലാളികൾ അഭിപ്രായപ്പെടുന്നത്.കക്കുസിന് അനുവദിച്ച തുക ലഭിച്ചിട്ടില്ല. എസ്റ്റിമേറ്റ് തുക 29272/- രൂപയും എം ബുക്ക് പ്രകാരം

നൽകിയിട്ടുള്ള തുക 12000/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 17272/- രൂപയാണ്

**18. പീടികപറമ്പ് തോട് ആഴംകൂട്ടി തീറ്റപ്പുൽ,രാമച്ചം ,എന്നിവ വെച്ചുപിടിപ്പിക്കൽ WH/226487**

ഫീൽഡ് പരിശോധനായിൽ പിടികപറമ്പ് എന്നു പേരുള്ള തോട് കണ്ടെത്താൻ സാധിച്ചില്ല .അതിനു പകരമായി മറ്റൊരു തോട് ആണ് കാണാൻ കഴിഞ്ഞത്. ഇതേപ്പറ്റി തൊഴിലാളികളോട് അന്വേഷിച്ചപ്പോൾ പീടിക പറമ്പ് തോട് ഒത്തിരി അകലെ ആയതിനാൽ ഏതെങ്കിലും തോട് ചെയ്താൽ മതി എന്ന് അധികൃതർ പറഞ്ഞു എന്നും അതിനാലാണ് പ്രസ്തുത തോടിനു പകരം മറ്റൊരു തോട് ചെയ്തതെന്നുമാണ് തൊഴിലാളികൾ അഭിപ്രായപ്പെട്ടത് ഡിസ്പ്ലേ ബോർഡിൽ നിന്നും അതു മറ്റൊരു തോട് ആണെന്നും മനസിലാക്കാൻ സാധിച്ചു. എസ്റ്റിമേറ്റ് തുക 147141/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 129556/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 17585/- രൂപയാണ്.

## അവകാശനിഷേധങ്ങൾ

തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട തൊഴിലിട സൌകര്യങ്ങളായ തണൽ, പ്രഥമ ശുശ്രൂഷ കിറ്റ്, കുടിവെള്ളം എന്നിവ തൊഴിലിടങ്ങളിൽ കാണാൻ കഴിഞ്ഞില്ല. തൊഴിലാളികൾ സ്വന്തം നിലയിൽ പിരിവ് എടുത്ത് ഇത്തരം സൌകര്യങ്ങൾ ഉറപ്പാക്കുന്നു. പണിയായുധങ്ങളുടെ വാടക തൊഴിലാളികൾക്ക് വർഷങ്ങളായി ലഭിക്കുന്നില്ല. തൊഴിൽ ആവശ്യപ്പെട്ടതിനുള്ള രസീത് ഒരു ഫയലിലും കാണാൻ കഴിഞ്ഞില്ല. പ്രവർത്തി സ്ഥലത്തുവച്ച് അപകടങ്ങൾ ഉണ്ടായാൽ അതിന്റെ ചികിത്സാചെലവ്(എത്ര രൂപയാലും ,ഏതു തരത്തിലുള്ള ആശുപത്രിയായാലും ) പദ്ധതി നിർവഹണ ഏജൻസി നൽകണം എന്നുള്ളതാണ് നിയമം .എന്നാൽ ഈ തുക ലഭിക്കാറില്ല എന്നാണ് തൊഴിലാളികൾ അഭിപ്രായപ്പെട്ടത് .

# നിരീക്ഷണങ്ങളും കണ്ടെത്തലുകളും

ജോബ് കാർഡിൽ തൊഴിലാളികൾ ജോലി ചെയ്തതും വേതനം ലഭിച്ചതുമായ വിവരങ്ങൾ പലയിടങ്ങളിലും രേഖപ്പെടുത്തിയിട്ടില്ല. പാസ് ബുക്ക് കൃത്യമായി പതിപ്പിച്ചിട്ടില്ല. പല പ്രവർത്തിസ്ഥലത്തും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിര്ന്നില്ല.

തോട് ആഴം കൂട്ടൽ,റോഡ് നിർമാണം,നടപ്പാത നിർമാണം, ക്ഷീരകര്ഷകര്ക്കായി തീറ്റപുല്ല് കൃഷി,കാലി തൊഴുത്തുനിർമാണം തുടങ്ങിയ വ്യത്യസ്തമായ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ട്.

തൊഴിലാളികൾ സ്വന്തം കൈയ്യിൽ നിന്നും പണം പിരിച്ചാണ് വിത്തുകളും വളവും വാങ്ങിയത്, മസ്‌ട്രോള് ഇല്ലാതെ തൊഴിലാഴികളെ കൊണ്ട് ശുചികരണ പ്രവർത്തനങ്ങൾ നടത്താറുണ്ട്.മസ്‌ട്രോള് ഇല്ലാത്ത പ്രവർത്തനങ്ങളിൽ ഏർപ്പെടാത്ത തൊഴിലാളികൾക്കു പിന്നീട് തോഴി അനുവദിക്കില്ല എന്ന നയമാണ് അധികൃതർക്കുള്ളത്.ഇതിനെ പറ്റി തൊഴിലാളികൾ പരാതി ഉന്നയിച്ചിരുന്നു. പരിമിതമായ സാഹചര്യങ്ങളിൽ നിൽക്കുമ്പോഴും തങ്ങളാൽ കഴിയുന്ന വിധം നന്നായിത്തന്നെ പ്രവർത്തികൾ ചെയ്യാൻ തൊഴിലാളികൾ ശ്രമിച്ചിട്ടുണ്ട്.ഇതിനുവേണ്ട സഹായങ്ങൾ പദ്ധതി നിർവഹണ ഏജൻസി നല്കാൻ ശ്രമിച്ചിട്ടുണ്ട്

# ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

- നവീകരിക്കാത്ത തോടുകളുടെ നവീകരണം
- കടലോരപ്രദേശങ്ങളിൽ കണ്ടൽകാട് വച്ചുപിടിപ്പിക്കൽ
- കളിസ്ഥല നിർമാണം
- തെങ്ങിന് തടം തുറക്കൽ
- ഇന്ററർലോക്ക് ടൈൽ റോഡ് നിർമാണം
- തോടിന്റെ വശങ്ങളിൽ തീറ്റപ്പുല്ല് ,രാമച്ചം എന്നിവയ്ക്കു പകരം കണ്ടൽകാട് വച്ച് പിടിപ്പിക്കൽ
- ഫാം പോണ്ട് നിർമാണം
- പൊതുസ്ഥലങ്ങളും വ്യക്തിഗത സ്ഥലങ്ങളും വൃത്തിയാക്കൽ
- ബയോ കമ്പോസ്റ്റ് നിർമ്മാണം
- കട്ട നിർമ്മാണം
- പൈനാപ്പിൾ കൃഷി

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനുട്സ്

കടക്കരപ്പള്ളി പഞ്ചായത്ത് വാർഡ് 3(പണ്ടാരതൈ )സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 12/11/2019 3മണി മുതൽ വാലയിൽ ജോസിന്റെ വസതിയിൽ വെച്ചു നടന്നു. ഗ്രാമസഭയ്ക്ക് തൊഴിലാളിയായ ശ്രീമതി ത്രേസ്യമ്മ അധ്യക്ഷത വഹിച്ചു. ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് വാർഡ് മെമ്പർ ശ്രീമതി വി. മിനി സ്വാഗതം ആശംസിച്ചു. ഓവർസിയർ, വാർഡ് മെമ്പർ, BRP സീന കെ ആർ, VRP മാർ, തൊഴിലാളികൾ, മേറ്റുമാർ തുടങ്ങി 103 പേർ പങ്കെടുത്തു.

1/10/2018 മുതൽ 31/3/2019 വരെ പൂർത്തീകരിച്ച 17 പ്രവർത്തികളുടെ ഫയൽ പരിശോധന ഫീൽഡ് പരിശോധന തുടങ്ങിയവയാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയത്. തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കുന്ന സോഷ്യൽ ഓഡിറ്റിനെ കുറിച്ചും തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളിക്ക് ലഭിക്കേണ്ട 10 അവകാശങ്ങളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികളും, ഫയൽ ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകളും റിസോഴ്സ് പേഴ്സൺമാർ അവതരിപ്പിച്ചു.

എസ്റ്റിമേറ്റ്, എംബുക്ക് പ്രകാരമുള്ള പ്രവർത്തികളിൽ ഫീൽഡ് പ്രവർത്തികളിൽ ഉള്ള വ്യത്യാസം ചൂണ്ടി കാണിക്കുന്നതോടൊപ്പം ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നതിൽ ഉണ്ടായ പാക പിഴവുകളെ കുറിച്ചും, ഭരണാനുമതിയുടെ കോപ്പി ഫയലിൽ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചു. തുടർന്ന് ഫയൽ ഫീൽഡിൽ കണ്ടെത്തിയ കാര്യങ്ങൾ വിശദമായി ഗ്രാമസഭയിൽ ചർച്ച ചെയ്തു.

**പൊതു ചർച്ചയിൽ പങ്കെടുത്ത തൊഴിലാളികൾ**

1)പുറച്ചിറതോട് / ദേവസ്വം തോട്:
സിൻസി ടെൻസി :മേറ്റുമാർക്കും തൊഴിലാളികൾക്കും അവർ ചെയ്യുന്ന പ്രവർത്തികളെ കുറിച്ച് കൃത്യമായ ധാരണ ഇല്ലായിരുന്നു.

2)പാപ്പുപറമ്പ് ഗ്രാവൽ റോഡ് :
സെലിൻ : 110 m നീളമുള്ള റോഡ് 90 m നീളമാണ് ഫീൽഡ് പരിശോധനയിൽ കണ്ടെത്തിയത്. ചതുപ്പു പ്രദേശം ആയതിനാൽ ഗ്രാവൽ ഇടുന്നത് താഴ്ന്നുപോകുന്നതിനാൽ ആണ് ഈ നീളക്കുറവ് ഉണ്ടാകുന്നത്.

3)മാനായത്ത്മേൽ തോട് :
മേബിൾ : തൊഴിൽ ചെയ്ത വേതനം ലഭിച്ചിരുന്നു. എന്നാൽ ഡിസ്പ്ലേ ബോർഡ് ഇല്ലായിരുന്നു.

4)സെലിൻ തറമേൽ : 90 ദിവസത്തെ തൊഴിൽ ദിനവും വേതനവും ലഭിച്ചു. വീടുപണി പൂർത്തീകരിച്ചിട്ടുണ്ട്.

5)കുരിശിങ്കൽ ഗ്രാവൽ റോഡ് :
സുശീല : 150m നീളമുള്ള റോഡ് ഫീൽഡ് t
പരിശോധനയിൽ 94m നീളമേ കണ്ടെത്താൻ സാധിച്ചുള്ളൂ. ചതുപ്പു പ്രദേശം ആയതിനാൽ ഗ്രാവൽ ഇടുന്നത് താഴ്ന്നു പോകുന്നതിനാൽ ആണ് ഈ പ്രശ്നം ഉണ്ടാകുന്നതെന്ന് അഭിപ്രായപ്പെട്ടു.

6)പാപ്പുപറമ്പ് തോട്
ജോളി : വേതനം എല്ലാവർക്കും ലഭിച്ചിട്ടുണ്ട്.

7)പീടികപറമ്പ് തോട് :
തോടിന്റെ പേര് പറഞ്ഞപ്പോൾ ധാരണകുറവ് മൂലം കുരിശിങ്കൽ തോടും വാലയിൽ തോടുമാണ് വെട്ടിയത്. വാലയിൽ തോടിന്റെ ഡിസ്പ്ലേ ബോർഡ് ആണ് സ്ഥാപിച്ചിരുന്നത്.

## മറുപടി

ഓവർസിയർ ജയശ്രീ

1)പദ്ധതി ആരംഭിക്കുന്നതിനു മുൻപ് പ്രൊജക്റ്റ് മീറ്റിംഗ് വിളിച്ചുകൂട്ടി പദ്ധതിയെ കുറിച്ചുള്ള പ്രാഥമിക വിവരങ്ങൾ തൊഴിലാളികൾക്ക് മനസിലാക്കി കൊടുക്കാറുണ്ട്. എസ്റ്റിമേറ്റും വിശദീകരിച്ചു നൽകാറുണ്ട്.

2)റോഡിന്റെ നീളത്തിൽ വ്യത്യാസം ഉണ്ടാകാൻ കാരണം ഇതിനായി കൊണ്ടുവന്ന പൂഴി ചതുപ്പു പ്രദേശത്ത് കൂടുതലായി തൂളിയതും, ഗ്രാവൽ ഇട്ടത് താഴ്ന്നു പോയതും ആവാം.

3)ഡിസ്പ്ലേ ബോർഡ് പദ്ധതിയിടങ്ങളിൽ കൃത്യമായി സ്ഥാപിക്കുന്നതിൽ ശ്രദ്ധിക്കാറുണ്ട്. പിന്നീട് എന്താണ് സംഭവിച്ചതെന്ന് വിലയിരുത്തുന്നതാണ്.

4)വേതനം ലഭ്യമാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല. കേന്ദ്രത്തിൽനിന്ന് ഫണ്ട് വരാത്തതാവം താമസം ഉണ്ടാവാൻ കാരണം.

5)പദ്ധതി ആരംഭിക്കുന്നതിനു മുൻപ് തൊഴിലാളികൾ നിർദ്ദേശിച്ച പേരാണ് തോടിനു രേഖപ്പെടുത്തിയത്. പല പേരുകൾ തൊഴലികൾക്കിടയിൽ നിലനിൽക്കുന്നതാവാം തോടിന്റെ കാര്യത്തിൽ തൊഴിലാളികൾക്കും മേറ്റുമാർക്കും ഉണ്ടായ അവ്യക്തതയ്ക്കു കാരണം.

**തീരുമാനങ്ങൾ**

1)ഡിസ്പ്ലേ ബോർഡ് പദ്ധതി സ്ഥലത്തു സ്ഥാപിക്കുന്നതിന് പദ്ധതി സ്ഥലങ്ങൾ കൃത്യമായ ഇടവേളകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിക്കണമെന്നും തീരുമാനിച്ചു.
2) റോഡ് പോലെയുള്ള പ്രവർത്തികളിൽ ഉണ്ടായിട്ടുള്ള അപാകതകൾ ഗുരുതര കൃത്യ വിലോപമായി യോഗം വിലയിരുത്തുകയും ഇത്തരം പ്രവർത്തികളിൽ അളവ് കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കണം എന്ന് തീരുമാനിച്ചു.

3)തങ്ങളുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തികളെ കുറിച്ച് മേറ്റുമാർക്കും അതിലുൾപ്പെട്ട തൊഴിലാളികൾക്കും വ്യക്തമായ ധാരണ ഉണ്ടാകണംഎന്ന് തീരുമാനിച്ചു.

4)പ്രൊജക്റ്റ് മീറ്റിങ്ങിൽ എല്ലാ തൊഴിലാളികളുടെയും മേറ്റുമാരുടെയും സാന്നിധ്യം ഉറപ്പുവരുത്തുകയും വ്യക്തമായ ധാരണ പദ്ധതിയെ കുറിച്ച് നൽകുകയും വേണം

5)തൊഴിലിടസൗകര്യങ്ങൾ ഉറപ്പുവരുത്തണം

തൊഴിലാളികളുടെ ആവശ്യങ്ങളിൽ അനുയോജ്യമായ തീരുമാനം കൈക്കൊണ്ട ശേഷം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട് തൊഴിലാളികൾ പാസാക്കുകയും റീത്താമ്മ നന്ദി പ്രകാശിപ്പിച്ച ശേഷം 5 30 ഓടെ യോഗം അവസാനിക്കുകയും ചെയ്തു.

BRP :- സീന കെ ആർ

VRPs :- വ്യാസൻ എൻ എൽ, അശ്വതി ടി എസ്, ആതിര എസ് വി, അനുപമ ആർ, ഗ്രീഷ്മ ജി മോൾ, ശ്രുതി എസ്, അശ്വതി എസ്